"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.സിറാജ്.പി.എം. പള്ളിച്ചാൻകുടി, വെങ്ങോല പി.ഒ, കുന്നത്തുനാട്, എറണാകുളം 20.02.2019 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.772/2025/ID തീയതി,തിരുവനന്തപുരം, 30-06-2025

---

പരാമർശം:-

1. ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റിന്റെ 10/01/2019 തീയതിയിലെ ഡിഎ/1848/എംഎം/18 നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.സിറാജ്.പി.എം. പള്ളിച്ചാൻകുടി, വെങ്ങോല പി.ഒ, കുന്നത്തുനാട്, എറണാകുളം 20.02.2019 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 06.01.2020 തീയതിയിലെ 1883/എം2/2019 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ തുറവൂർ തെക്ക് വില്ലേജിൽ സർവ്വേ നം.156/1എ, 156/2-3 എന്നിവയിൽപ്പെട്ടതും, കമ്പളം വില്ലേജിൽ മാടവന ദേശത്ത് ഷബീർ മൻസിലിൽ ശ്രീ.ഷബീറിന്റെ കൈവശത്തിലുള്ള സ്ഥലത്ത് ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് ശേഖരിച്ച് വിപണനം നടത്തുന്നതിന് ശ്രീ.സിറാജ്.പി.എം. പള്ളിച്ചാൻകുടി, വെങ്ങോല.പി.ഒ, കുന്നത്തുനാട്, എറണാകുളം എന്നയാൾക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും നൽകിയ അനുമതിയുടെ മറവിൽ, ടി വസ്തുവിനോട് ചേർന്നുകിടക്കുന്നതും ശ്രീ.ഷബീറിന്റെ തന്നെ കൈവശത്തിലുള്ളതുമായ 156/3 ൽപ്പെട്ട നിലത്തിൽ അനധികൃതമായി 123.5 ക്യൂബിക് മീറ്റർ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് ശേഖരിച്ചിട്ടുള്ളതായി ആലപ്പുഴ ജില്ലാ ജിയോളജി ഓഫീസിൽ നിന്നുള്ള സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ടി അനധികൃത ധാതു ശേഖരണത്തിന് റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 47,230/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ആലപ്പുഴ ജില്ലാ ജിയോളജിസ്റ്റ് പരാമർശം (1) പ്രകാരം നൽകിയ ഡിമാന്റ് നോട്ടീസിനെതിരെ ശ്രീ.സിറാജ്.പി.എം പരാമർശം (2) പ്രകാരമുള്ള അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ഇതു സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ചേർത്തല താലൂക്കിൽ തുറവൂർ തെക്ക് വില്ലേജിൽ സർവ്വേ നമ്പർ 156/1എ, 156/2-3

എന്നിവയിൽപ്പെട്ടതും കുമ്പളം വില്ലേജിൽ മാടവന ദേശത്ത് ഹബീർ മൻസിലിൽ താമസം പാരപ്പറമ്പത്ത് മമ്മുക്കുട്ടി മകൻ ഷബീറിന്റെ (റ്റി.പി 18268) കൈവശത്തിലുളളതുമായ സ്ഥലത്ത് ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് (പാറ ഉൽപ്പന്നങ്ങൾ) ശേഖരിച്ച് വിപണനം നടത്തുന്നതിന് വേണ്ടി തുറവൂർ തെക്ക് വില്ലേജ് ഓഫീസറുടെ 2842/18 തീയതി 15.10.2018-ാം നമ്പർ കൈവശ സർട്ടിഫിക്കറ്റിന്റെയും 2841/18 തീയതി 15.10.2018-ാം നമ്പർ പ്രകാരം നൽകിയ ലൊക്കേഷൻ സ്കെച്ചിന്റെയും അടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലാ ഓഫീസിൽ നിന്നും 28.11.2018-ൽ 85/ജിബിഎസ്/18-19/എംഎം/ഡിഎഎ/1848/2018 പ്രകാരം 4000 മെട്രിക് ടൺ കരിങ്കൽ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണം നടത്തുന്നതിന് 27.11.2019 കാലാവധി വരെ ഡീലേഴ്സ് ലൈസൻസ് നൽകിയിരുന്നു.

അനധികൃത ധാതു ശേഖരണവും കടത്തും തടയുന്നതിന് ആലപ്പുഴ ജില്ലാ ജിയോളജി ഓഫീസ് നടത്താറുള്ള പതിവ് പരിശോധനയുടെ ഭാഗമായി ടി സ്ഥലത്ത് 03.12.2018 ൽ ജിയോളജിസ്റ്റ് നടത്തിയ പരിശോധനയിൽ ഡീലേഴ്സ് ലൈസൻസ് ഉടമ ശ്രീ.സിറാജിന്റെ പ്രതിനിധി ശ്രീ.മുനാഫ് ഹാജരായിരുന്നു. ജില്ലാ ഓഫീസിൽ നിന്നും നൽകിയ അനുമതിയുടെ മറവിൽ, സർവ്വേ നമ്പർ 156/1എ, 2-3 ൽപ്പെട്ട പുരയിടത്തിൽ ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സ്റ്റോക്ക് ചെയ്യുന്നതിന് പകരം, ടി വസ്തുവിനോട് ചേർന്ന് കിടക്കുന്ന സർവ്വെ നമ്പർ 156/3-ൽപ്പെട്ട നിലമായിക്കിടക്കുന്ന സ്ഥലത്ത് സ്റ്റോക്ക് ചെയ്തിരിക്കുന്നതായി മേൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. കൂടാതെ പരിശോധന സമയത്ത് ലൈസൻസിലെ നിബന്ധന 4(സി) പ്രകാരം ലൈസൻസോ, ആവശ്യം വേണ്ട മറ്റ് രജിസ്റ്ററുകളോ ഒന്നുംതന്നെ പ്രസ്തുത സ്ഥലത്ത് സൂക്ഷിച്ചിട്ടുണ്ടായിരുന്നില്ല. മേൽ സാഹചര്യത്തിൽ 123.5 $M^3$ ഗ്രാനൈറ്റ്സ് അനധികൃതമായി സൂക്ഷിച്ചിരുന്നതായി അളന്ന് തിട്ടപ്പെടുത്തുകയും ആയതിന്റെ മഹസ്സർ തയ്യാറാക്കുകയും അനധികൃത ഖനിജ ശേഖരവും, നീക്കവും തടയുന്നതിനായി മുൻകരുതൽ എന്ന രീതിയിൽ തുറവൂർ തെക്ക് വില്ലേജ് ഓഫീസർക്കും പട്ടണക്കാട് സ്റ്റേഷൻ ഹൗസ് ഓഫീസർക്കും കത്ത് നൽകുകയും 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ തക്ക കാരണങ്ങൾ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയതിന് അവസരം നൽകിക്കൊണ്ട് ശ്രീ. സിറാജിനും, വസ്തു ഉടമയ്ക്കും 04.12.18-ന് നമ്പർ ഡിഎഎ/1848/എംഎം/18 പ്രകാരം ജില്ലാ ആഫീസ് കത്ത് നൽകിയിരുന്നു. ഡീലേഴ്സ് ലൈസൻസ് ലഭിച്ചതിനുശേഷം അനുമതി നൽകിയിട്ടുള്ള വസ്തുവിൽ പാറ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തിയിട്ടില്ലെന്നും വസ്തു ഉടമയായ ശ്രീ.ഷബീർ അദ്ദേഹത്തിന്റെ വ്യക്തിപരമായ ആവശ്യത്തിന് വേണ്ടി ലൈസൻസ് അനുവദിച്ച

വസ്തുവിനോട് ചേർന്ന് കിടക്കുന്ന വസ്തുവിൽ മുമ്പ് തന്നെ ഇറക്കി സൂക്ഷിച്ചിട്ടുള്ളതാണെന്നും മറുപടിയിൽ ബോധിപ്പിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധന വേളയിൽ അത്തരത്തിലുള്ള സ്റ്റോക്കുകൾ ഒന്നു തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതും കൂടാതെ സമീപ നിലം ഉൾപ്പെട്ട സർവ്വേ നമ്പർ ആയ 156/3-ൽ പ്പെട്ട വസ്തുവും ഡീലേഴ്സ് ലൈസൻസ് അനുവദിച്ച വസ്തുവും തമ്മിൽ പച്ച ഷീറ്റ് കൊണ്ട് വ്യക്തമായ അതിർത്തി തിരിച്ച് മാറ്റിയതിന് ശേഷമാണ് അനുമതി നൽകിയിട്ടുള്ളത് എന്നും രജിസ്ട്രേഷൻ നൽകി ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ് എന്ന് ജില്ലാ ആഫീസിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അതിന് അടയാളമായി നിലനിർത്തിയിരുന്ന ഷീറ്റ് വേലി പൊളിച്ച് നീക്കിയാണ് ശ്രീ.സിറാജ് നിലമായ 156/3 ൽപ്പെട്ട സ്ഥലത്ത് ബോധപൂർവ്വം നിയമം ലംഘിച്ചുകൊണ്ട് ഗ്രാനൈറ്റ് അഗ്രിഗേറ്റ്സ് സ്റ്റോക്ക് ചെയ്തത് എന്ന ഉത്തമമായി ജില്ലാ ആഫീസിന് ബോദ്ധ്യപ്പെട്ടതിനാൽ ടിയാൻ നൽകിയ വിശദീകരണം തൃപ്തികരമല്ല എന്ന് അറിയിച്ചുകൊണ്ട്, അനധികൃതമായി സൂക്ഷിച്ച 123.5 $M^3$ (308.75 മെടിക് ടൺ) ഗ്രാനൈറ്റ് അഗ്രിഗേറ്റ്സിന് റോയൽറ്റി + വില + പിഴ ഇനങ്ങളിലായി ആകെ 47,230/- രൂപ സർക്കാർ ഖജനാവിലേക്ക് ഒടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 10.01.2019-ൽ ഡിഐഎ/1848/എംഎം/18 നമ്പർ ഡിമാന്റ് നോട്ടീസ് കക്ഷിക്ക് നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ശ്രീ. സിറാജ് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ പ്രകാരം പിഴയും റോയൽറ്റിയും വിലയും ഒടുക്കി കുറ്റം രാജിയാക്കാൻ തയ്യാറാണെന്ന് അറിയിച്ചതിനെ തുടർന്ന് ടി ഓഫീസിൽ നിന്നും കൗണ്ടർസൈൻ ചെയ്തു നൽകിയ ചലാൻ നം. കെ.എൽ 013608746201819 എം തീയതി 28.03.2019 പ്രകാരം സർക്കാർ ട്രഷറിയിൽ ഒടുക്കി അസ്സൽ ചെലാൻ ഹാജരാക്കുകയും അനധികൃതമായി ജി.ബി.എസ് അഗ്രിഗേറ്റ്സ് സ്റ്റോക്ക് ചെയ്ത കുറ്റം രാജിയാക്കിയിട്ടുള്ളതുമാണ് എന്നും ജില്ലാ ജിയോളജിസ്റ്റ് അറിയിച്ചിരിക്കുന്നു.

നിലവിൽ നിലമായി കിടക്കുന്ന ഭൂമിയിൽ അനധികൃതമായി കരിങ്കല്ല് ഉൽപന്നങ്ങൾ സ്റ്റോക്ക് ചെയ്തത് ടി സ്ഥലത്തുനിന്നും മാറ്റുന്നതിനുള്ള നിർദ്ദേശം കൂടി അപ്പീൽ ഹർജിക്കാരന് നൽകാവുന്നതാണ്.

3. അപ്പീൽ അധികാരി ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ. സിറാജ് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ പ്രകാരം ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള പിഴയും റോയൽറ്റിയും വിലയും ഒടുക്കി കുറ്റം രാജിയാക്കിയിട്ടുള്ളതായി മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടിയാന്റെ അപ്പീൽ ഹർജി തീർപ്പാക്കി കൊണ്ടും, നിലവിൽ നിലമായി കിടക്കുന്ന ഭൂമിയിൽ അനധികൃതമായി കരിങ്കല്ല് ഉൽപന്നങ്ങൾ സ്റ്റോക്ക് ചെയ്തത് ടി സ്ഥലത്തുനിന്നും എത്രയും വേഗം മാറ്റുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതിന് ശ്രീ.സിറാജിന് നിർദ്ദേശം നൽകിക്കൊണ്ടും ശ്രീ.സിറാജ് പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.സിറാജ്.പി.എം. പള്ളിച്ചാൻകുടി, വെങ്ങോല പി.ഒ, കുന്നത്തുനാട്, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, ആലപ്പുഴ.

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
സെക്ഷൻ ഓഫീസർ
Date: 30-06-2025 11:22:18